# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4187** **24.06.2019 ലെ മറുപടി**

**ജല മലിനീകരണം തടയുന്നതിനും നദികളെ സംരക്ഷിക്കുന്നതിനും നടപടി**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ**<br>**,, ജി.എസ്.ജയലാൽ**<br>**,, കെ. രാജൻ**<br>**ശ്രീമതി സി.കെ. ആശ :** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) ജല മലിനീകരണം തടയുന്നതിനും നദികളെ സംരക്ഷിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) ജലമലിനീകരണം തടയുന്നതിന് മൂന്ന് വിധത്തിലുള്ള നടപടികളാണ് പൊതുവിൽ സ്വീകരിച്ചുവരുന്നത്. മാലിന്യം എത്താതിരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നിയമനടപടികളും ബോധവൽക്കരണ പ്രവർത്തനങ്ങളു മാണ്. മാലിന്യ ലഘൂകരണം നടത്തുക എന്നത് അംഗീ കരിക്കപ്പെട്ടിട്ടുള്ള മാർഗ്ഗമാണ്. ഇതോടൊപ്പം മാലിന്യം നേരിട്ട് നിക്ഷേപിക്കുന്നത് തടയുന്നതിനായി പ ാലങ്ങൾ/നഗരത്തോടുചേർന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിൽ കമ്പിവേലികൾ നിർമ്മിക്കുന്ന പ്രവർത്തനം നിർവ്വഹിക്കാറുണ്ട്.<br><br>ബഹു. നാഷണൽ ഗ്രീൻട്രിബ്യൂണൽ ഉത്തരവ് അനുസരിച്ച് കേരളത്തിലെ 20 നദികളിലെ ജലഗുണനിലവാരം പരിശോധിച്ച് കൂടുതൽ മലിനമാണെന്ന് കണ്ടെത്തിയ പ്രദേശങ്ങളിലെ പ്രശ്നം പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതികൾ |

തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഇതിനായി സംസ്ഥാന തലത്തിൽ "റിവർ റിജുവിനേഷൻ കമ്മിറ്റി" (ആർ.ആർ.സി) യും ജില്ലാതലത്തിൽ ജില്ലാ സാങ്കേതിക സമിതിയും രൂപീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ഏകോപനത്തോടെയാണ് പ്രവർത്തനം നടക്കുന്നത്. " സംസ്ഥാന നദീതട അതോറിറ്റി രൂപീകരിക്കുന്നതിനുള്ള തീരുമാനം കൈകൊണ്ടിട്ടുണ്ട്."

| | | | |
|---|---|---|---|
| (ബി) | പമ്പാ നദിയിലെ മാലിന്യ നിർമ്മാർജ്ജനത്തിനും നദീ സംരക്ഷണത്തിനുമായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | പമ്പാ നദിയുടെ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പമ്പാ ആക്ഷൻപ്ലാൻ. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ നാഷണൽ റിവർ കൺസർവേഷൻ ഡയറക്ടറേറ്റ് പമ്പാ ആക്ഷൻ പ്ലാൻ ഒന്നാം ഘട്ടത്തിന് 2003ൽ 18.5 കോടി രൂപയുടെ അംഗീകാരം നല്കി. ടി പദ്ധതിയുടെ പ്രവൃത്തികളുടെ നിർവ്വഹണം ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്നിവരെയാണ് ഏല്പിച്ചത്. ഇതിൽ ജലസേചന വകുപ്പിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും പ്രവൃത്തികൾ പൂർത്തിയായി. ദേവസ്വം ബോർഡിന്റെ ചില പ്രവൃത്തികൾ ഇനിയും പൂർത്തിയാകാനുണ്ട്.<br><br>പമ്പാ ആക്ഷൻ പ്ലാൻ രണ്ടാം ഘട്ടത്തിന്റെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. വിവിധ വകുപ്പുകൾ ലഭ്യമാക്കിയ കരട് പ്രൊപ്പോസലുകൾ പഠിച്ച് ഒരു സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടിയെടുത്തു വരുന്നു. |
| (സി) | ജലസ്രോതസ്സുകളിൽ വിസർജ്ജ്യ മാലിന്യം തള്ളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; എങ്കിൽ ഇതിനെതിരായി സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ; | (സി) | ജലസ്രോതസ്സുകളിൽ വിസർജ്ജ്യമാലിന്യം എത്തിച്ചേരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, പോലീസ് അധികൃതർ എന്നിവർ നടപടികൾ സ്വീകരിച്ചുവരുന്നു. |

(ഡി) ജലസ്രോതസ്സുകൾ മലിനമാക്കുന്നതിനെതിരെയുള്ള ശിക്ഷാ നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഇ) ഈ ശിക്ഷാവ്യവസ്ഥകൾ കൂടുതൽ കർശനമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കുമോ?

(ഡി) യും (ഇ) യും

ജലസ്രോതസ്സുകൾ മലിനമാക്കുന്നതിനെതിരെ ചുവടെപ്പറയുന്ന നിയമങ്ങൾ പ്രകാരം വിവിധ ഏജൻസികൾ/ വകുപ്പുകൾ നടപടികൾ സ്വീകരിച്ചു വരുന്നു.

1. വാട്ടർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ ആക്ട്, 1974
2. കേരള പഞ്ചായത്തീരാജ് നിയമം, 1994
3. കേരള മുനിസിപ്പാലിറ്റീസ് നിയമം, 1994
4. കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം, 2018

ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല മലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം, 1974 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെ ശിക്ഷാ നടപടികൾ തദ്ദേശ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, ആരോഗ്യ വകുപ്പ്, ഭക്ഷ്യ സുരക്ഷാ വകുപ്പ്, പോലീസ് എന്നീ വകുപ്പുകൾ ചേർന്ന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സ്വീകരിച്ചു വരുന്നു.

ജലമലിനീകരണം തടയുന്നതിനായി ശിക്ഷാനടപടികൾ ശക്തമാക്കിക്കൊണ്ടുള്ള കേരള ജലസേചന-ജലസംരക്ഷണ (ഭേദഗതി) നിയമം 2018 (Act 16 of 2018) നിലവിലുണ്ട്. ഇതനുസരിച്ച് ശിക്ഷയുടെ കാലാവധി ചുരുങ്ങിയത് ഒരു വർഷവും പരമാവധി മൂന്ന് വർഷവുമായി വർദ്ധിപ്പിക്കുകയും പിഴ പരമാവധി രണ്ട് ലക്ഷം രൂപയാക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**